# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

## ജി ജെ ബി എസ്

## മതിക്കുന്ന്

vivo T2x 5G
Jul 21, 2025, 17:08

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വക്കുന്നത്. വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമായി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. കുട്ടികൾക്ക് അനുയോജ്യമായ ഒരു ലോകം ഒരുക്കുന്നതിനായി കുട്ടിക്ക് നല്ല വിദ്യാലയന്തരീക്ഷം, അക്കാദമിക മികവ്, സ്നേഹം, പരിഗണന, സുരക്ഷിതത്വബോധം, അംഗീകാരം എന്നിവ നൽകുകയും പഠന നിലവാരത്തിൽ തുല്യത കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുകയും വേണം. ഇതിനായി പുതിയ വിദ്യാലയ കെട്ടിടം, നല്ല സ്കൂൾ അന്തരീക്ഷം, ഐടി സാധ്യതകൾ എന്നിവ ഉപയോഗപ്പെടുത്തി കുട്ടിയെ വിശ്വപൗരനാക്കുകയും ഉന്നതപഠനത്തിനു വേണ്ട ശേഷികൾ കൈവരിക്കാൻ പ്രാപ്തനാക്കുകയും ചെയ്യുന്നു. ഈ ലക്ഷ്യം മുൻനിർത്തിയാണ് ഓരോ വിദ്യാലയവും ഓരോ അധ്യാപകനും ഓരോ രക്ഷിതാവും ഇനിയുള്ള ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നത്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയുള്ള വികസനപരിപാടികളാണ് ആസൂത്രണം ചെയ്യുന്നത്. ഇതിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം ലക്ഷ്യമാക്കിയുള്ളതാണ് ഈ വിദ്യാലയ വികസന പദ്ധതി.

vivo T2x 5G
Jul 21, 2025, 16:50

## ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിയ്ക്കും വിദ്യാലയത്തിലേക്കും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
*. വിദ്യാലയത്തിൽ വിദ്യാർത്ഥികളുടെ പരിപൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാ, കായിക, പ്രവൃത്തിപരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* വിദ്യാലയത്തിലെ പഠനപിന്തുണ സംവിധാനങ്ങളായ ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
* സുസ്ഥിരമായ വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം .....) എന്നിവ വിദ്യാർത്ഥി സൗഹൃദമാക്കി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
* ഓരോ അധ്യാപികയും ആധുനികസാങ്കേതികവിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
* ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ ഒരുക്കുന്നു.
* മാതൃഭാഷ, പഠനം മെച്ചപ്പെടുത്തി വായന, ലേഖനം എന്നിവയിൽ കുട്ടികളെ ഉയർന്നതലങ്ങളിലേക്ക് എത്താൻ സഹായകരമായ പഠനാവസരങ്ങൾ ലഭ്യമാക്കുന്നു.
* ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തി കുട്ടികളെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ പ്രാപ്തരാക്കുന്നു.
* ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളും ശേഷികളും കൈവരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു.

vivo T2x 5G
Jul 21, 2025, 16:50

* കുട്ടികളിൽ കാർഷികസംസ്കാരം വളർത്തി വിദ്യാലയത്തിൽ ജൈവവൈവിധ്യപാർക്ക്, ജൈവപച്ചക്കറികൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

* വിദ്യാലയത്തെ പ്ലാസ്റ്റിക് മുക്തമാക്കി മാലിന്യനിർമ്മാർജ്ജനത്തിനുവേണ്ടുന്ന നടപടി സ്വീകരിക്കുന്നു.

* പ്രതിഭാശാലികളായ വിദ്യാർത്ഥികളെ വിവിധ സ്കോളർഷിപ്പുകൾ നേടുന്നതിന് പ്രാപ്തരാക്കുന്നു.

* ഐടി അധിഷ്ഠിത പഠനത്തിന് അവസരമൊരുക്കുന്നു.

* ഒന്നാം ക്ലാസ്സുമുതൽ വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂൾ ലൈബ്രറി നവീകരിക്കും.

* പ്രത്യേകപരിഗണനയിലൂടെ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെ മുഖ്യധാരയിലെത്തിക്കും.

* കുട്ടികൾക്ക് വിഭവസമൃദ്ധവും പോഷകസമ്പന്നവുമായ ഉച്ചഭക്ഷണം നൽകും.

* അക്കാദമിക പ്രവർത്തനങ്ങളും ഭൗതിക അന്തരീക്ഷവും കൂടുതൽ മെച്ചപ്പെടുത്തി സമീപപ്രദേശത്തുള്ള എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കും.

vivo T2x 5G
Jul 21, 2025, 16:51

## അവസ്ഥാപഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

### ഭൗതികം

പൊന്നൂക്കര സെന്ററിനടുത്ത് 12 സെന്റിൽ സ്ഥിതി ചെയ്യുന്ന രണ്ടു കെട്ടിടങ്ങളിലായാണ് സ്കൂൾ പ്രവർത്തിക്കുന്നത്. ഓഫീസ് റൂം, ഒന്നാം ക്ലാസ്, രണ്ടാം ക്ലാസ്, മൂന്നാം ക്ലാസ്, നാലാം ക്ലാസ് എന്നിവ പുതിയ കെട്ടിടത്തിലും വർണ്ണക്കൂടാരം പദ്ധതിയിൽ നിർമ്മിച്ച പ്രീ പ്രൈമറി വിഭാഗം പഴയ കെട്ടിടത്തിലുമാണ് പ്രവർത്തിച്ചു വരുന്നത്. പുതിയ രീതിയിലുള്ള അടുക്കള, സ്മാർട്ട് ക്ലാസ് റൂം എന്നിവയും വിദ്യാലയത്തിലുണ്ട്. പുതുതായുള്ള ചുറ്റുമതിൽ വിദ്യാലയത്തിന് കൂടുതൽ ശോഭയേകുന്നു. ബ്ലോക്ക് പഞ്ചായത്ത് ഒല്ലൂക്കരയിൽ നിന്നും ലഭിച്ച വൃത്തിയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായുള്ള ടോയ്‌ലറ്റ് കോംപ്ലക്സും വിദ്യാലയത്തിനുണ്ട്. കുട്ടികൾക്ക് കളിക്കാനായി ലഭിച്ച മിനി പാർക്ക് വിദ്യാലയത്തിനുണ്ട്. അതിന്റെ തറ ടൈൽ വിരിക്കേണ്ടത് കുട്ടികളുടെ സുരക്ഷയ്ക്ക് അത്യാവശ്യമാണ്. കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിന് വൃത്തിയുള്ളതും സൗകര്യപ്രദവുമായ ഒരു ഡൈനിംഗ് ഹാൾ അത്യാവശ്യമാണ്. ആയതിനുള്ള സ്ഥലം കണ്ടെത്തി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കുട്ടികൾക്ക് സൗകര്യപ്രദമായി അസംബ്ലി കൂടുന്നതിന് അസംബ്ലി ഹാൾ അത്യാവശ്യമാണ്. ആയതിന് പുതിയ കെട്ടിടത്തിന്റെ മുൻവശത്താണ് സ്ഥലം കണ്ടെത്തിയിരിക്കുന്നത്. മുൻവശം തറ ടൈൽ വിരിച്ച് വൃത്തിയാക്കി ആയത് ട്രസ്സ് വർക്ക് ചെയ്താൽ കുട്ടികൾക്ക് സൗകര്യപ്രദമായി അസംബ്ലി കൂടുന്നതിന് സാധിക്കും. നവീകരിച്ച കളിസ്ഥലം, കായിക പരിശീലനത്തിനാവശ്യമായ ആധുനിക സംവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവയും വിദ്യാലയത്തിന് ആവശ്യമാണ്. ആയതിനുള്ള പ്രൊപ്പോസലും പഞ്ചായത്തിൽ സമർപ്പിക്കേണ്ടതുണ്ട്. ഭൗതികസൗകര്യങ്ങളിൽ വിദ്യാലയം ഏറെ മുന്നിലാണെങ്കിലും ഈ ആവശ്യങ്ങൾ കൂടി പരിഗണിച്ചാൽ ഏറെ നന്നായിരിക്കും.

vivo T2x 5G
Jul 21, 2025, 16:51

## അക്കാദമികം

ഒന്നു മുതൽ നാല് ക്ലാസുകളിലായി ഓരോ ഡിവിഷനിലായി വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നു. കൂടാതെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വർണ്ണക്കൂടാരം പദ്ധതിയിൽ ഉൾപ്പെട്ട പ്രീപ്രൈമറി വിഭാഗവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മലയാളം, ഇംഗ്ലീഷ് മീഡിയം എന്നീ രണ്ടു വിഭാഗത്തിലും അധ്യയനം നടത്തുന്നുണ്ട്. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 4 അധ്യാപകരും ഒരു പിടിസിഎമ്മും പ്രീപ്രൈമറിയിൽ അധ്യാപികയും ആയയും സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഭക്ഷണം പാകം ചെയ്യുന്നതിന് ഒരു പാചകതൊഴിലാളിയും ഉണ്ട്. കുട്ടികൾ എല്ലാവിധ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലും കലാകായിക മത്സരങ്ങളിലും സജീവമായി പങ്കെടുത്തു വരുന്നു. സ്കൂൾതലത്തിൽ വിവിധ ക്വിസ് മത്സരങ്ങളും പ്രസംഗമത്സരങ്ങളും ദിനാചരണങ്ങളും കൃത്യമായി നടത്തി വരുന്നുണ്ട്. കഴിഞ്ഞ അക്കാദമിക വർഷത്തിൽ എൽ എസ് എസ് പരീക്ഷയിൽ 100% വിജയം നമ്മുടെ ഈ കൊച്ചു വിദ്യാലയം കരസ്ഥമാക്കി. സാൻജോ ബെന്നി, ആദിദേവ് ഒ എസ്, വേദിക കെ എസ് എന്നീ കൊച്ചു മിടുക്കൻമാരും മിടുക്കിയുമാണ് ഈ മിന്നും ജയം നമ്മുടെ വിദ്യാലയത്തിന് സമ്മാനിച്ചത്.

## പഠനാന്തരീക്ഷം.

* പുതിയ കെട്ടിട സമുച്ചയം ഉണ്ടെങ്കിലും പ്രൊജക്ടറുകൾ, ലാപ്ടോപ്പുകൾ എല്ലാ ക്ലാസ് മുറിയിലും അത്യാവശ്യമാണ്.
* എല്ലാ ക്ലാസ് മുറിയിലും സ്പീക്കർ വയ്ക്കേണ്ടതുണ്ട്.
* വിശാലമായ നവീകരിച്ച കളിസ്ഥലം, അസംബ്ലിഹാൾ, ഡൈനിംഗ് ഹാൾ എന്നിവ ഉണ്ടാക്കുന്നതിന് വേണ്ടുന്ന പ്രവർത്തനങ്ങൾ ഒരുക്കണം.
* പൂന്തോട്ടം, അടുക്കളത്തോട്ടം, അലങ്കാരസസ്യത്തോട്ടം എന്നിവ ഉണ്ട്.
* എല്ലാ ക്ലാസിലും മതിയായ രീതിയിൽ ഫർണിച്ചറുകൾ ഉണ്ട്.
* അതിവിപുലമായ ലാബ്/ലൈബ്രറി സൗകര്യം ഉണ്ട്
* എല്ലാ വിധത്തിലും മികച്ച പഠന അന്തരീക്ഷം വിദ്യാലയത്തിൽ നിലനിൽക്കുന്നു.

vivo T2x 5G
Jul 21, 2025, 16:51

# 2025 - 26 കുട്ടികളുടെ എണ്ണം

| ക്ലാസ് | ആൺകുട്ടി | പെൺകുട്ടി | ആകെ. |
|---|---|---|---|
| പ്രീപ്രൈമറി | 34 | 15 | 49 |
| I | 13 | 8 | 21 |
| II | 10 | 14 | 24 |
| III | 9 | 12 | 21 |
| IV | 8 | 5 | 13 |

vivo T2x 5G
Jul 21, 2025, 16:51

# അക്കാദമിക് മാസ്റ്റർപ്ലാൻ

## സ്കൂൾ തലം ജി ജെ ബി എസ് മതിക്കുന്ന്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ഭൗതികം | ഡൈനിംഗ് ഹാൾ | 1 വർഷം | പഞ്ചായത്ത്. | 15 ലക്ഷം | |
| 2. | ഭൗതികം | അസംബ്ലി ഹാൾ | 2 വർഷം | പഞ്ചായത്ത് | 25 ലക്ഷം | |
| 3. | ഭൗതികം | നവീകരിച്ച കളിസ്ഥലം, കായികപരിശീലനത്തിനാവശ്യമായ ആധുനിക സംവിധാനങ്ങൾ, ഉപകരണങ്ങൾ | 2 വർഷം | പഞ്ചായത്ത് | 50 ലക്ഷം | |
| 4. | ഭൗതികം | സുരക്ഷിത പരിസരം | 1 വർഷം | പഞ്ചായത്ത് PTA, MPTA, SMC | 15000 | |
| 5 | ഭൗതികം | അടുക്കളത്തോട്ട നിർമാണം | 1 വർഷം | MPTA | 10000 | |
| 6 | ഭൗതികം | അലങ്കാര സസ്യത്തോട്ട നിർമാണം/പരിപാലനം | 1 വർഷം | MPTA | 15000 | |
| 7. | ഭൗതികം | പൂന്തോട്ട നിർമാണം/പരിപാലനം | 1 വർഷം | MPTA കുട്ടികൾ | 2000 | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 8. | അക്കാദമികം | ലൈബ്രറിയിലേക്ക് ..... (ലൈബ്രറി സന്ദർശനം, അംഗത്വം എടുക്കൽ) | ജൂൺ ജൂലായ് | SMC | – | |
| 9. | അക്കാദമികം | അമ്മ വായന - പുസ്തക പരിചയം വായനക്കുറിപ്പ് അവതരണം | ജൂൺ ജൂലായ് | MPTA | – | |
| 10. | അക്കാദമികം | പത്രവായന | 1 വർഷം | SRG | – | |
| 11. | അക്കാദമികം | പുസ്തക പരിചയം | 1 വർഷം | SRG | – | |
| 12. | അക്കാദമികം | സർഗ്ഗവേള | 1 വർഷം | SRG | – | |
| 13 | അക്കാദമികം | ഞാനാരെന്ന് പറയാമോ ? കടങ്കഥ ശേഖരണം, അവതരണം | 1 വർഷം | SRG | – | |
| 14. | അക്കാദമികം | തനതു പ്രവർത്തനം "ഉണ്ണിക്കവിതകൾ" - കവിത ശേഖരണം, അവതരണം | 1 വർഷം | SRG | – | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 15. | അക്കാദമികം | ഗണിതമാഗസിൻ തയ്യാറാക്കൽ (പസിൽ, പാറ്റേൺ, കണക്കിലെ കളികൾ .....) | 1 വർഷം | SRG | 2000 | |
| 16. | അക്കാദമികം | കണക്കുപെട്ടി തയ്യാറാക്കൽ (ഗണിതകിറ്റ്) | 1 വർഷം | SRG | 500 | |
| 17. | അക്കാദമികം | പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പ് | 1 വർഷം | SRG MPTA | 600 | |
| 18. | അക്കാദമികം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം | 1 വർഷം | SRG | – | |
| 19. | അക്കാദമികം | സയൻസ് ലാബ്, ഗണിതലാബ് ഒരുക്കൽ | ജൂൺ ജൂലായ് | SRG MPTA | 10000 | |
| 20. | അക്കാദമികം | ലൈബ്രറി ഒരുക്കൽ | ജൂൺ ജൂലായ് | SRG MPTA | 15000 | |

vivo T2x 5G
Jul 21, 2025, 16:55

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ്. |
|---|---|---|---|---|---|---|
| 21. | അക്കാദമികം | പക്ഷിനിരീക്ഷണം | 1 വർഷം | SRG | – | |
| 22. | അക്കാദമികം | ആവാസവ്യവസ്ഥ നിരീക്ഷണം/സന്ദർശനം | 1 വർഷം | SRG MPTA | 500 | |
| 23. | അക്കാദമികം | കലാമേള – 'ലയം-2025' | സെപ്തംബർ | SRG | 5000 | |
| 24. | അക്കാദമികം | കായികമേള – 'ശിഖ - 2025' | ഒക്ടോബർ | SRG | 5000 | |
| 25 | അക്കാദമികം | പ്രവൃത്തിപരിചയമേള - 'ഉണർവ്വ്-2025' | സെപ്തംബർ | SRG. | 5000 | |
| 26. | അക്കാദമികം | ശാസ്ത്രമേള 'ഉണർവ്വ് - 2025' | സെപ്തംബർ | SRG | 5000 | |
| 27 | അക്കാദമികം | ഒറിഗാമി ശില്പശാല | ഫെബ്രുവരി | SRG. | 1000 | |
| 28. | അക്കാദമികം | കാർഷിക ക്ലബ്ബ് – കർഷകരെ ആദരിക്കൽ, കുട്ടികർഷകരെ കണ്ടെത്തൽ | ആഗസ്ത് | SRG SMC | 1000 | |
| 29. | അക്കാദമികം | ബോധവത്കരണ ക്ലാസ് (ലഹരി, പേവിഷബാധ, ഡിജിറ്റൽ അച്ചടക്കം, ആരോഗ്യം, ശുചിത്വം, റോഡ്സുരക്ഷ, നിയമസംവിധാനം, വ്യായാമം) | 1 വർഷം | PTA, SRG, SMC | – | |
| 30. | അക്കാദമികം | പഠനോത്സവം | മാർച്ച് | PTA, SMC, MPTA, SRG | 1000 | |
| 31 | അക്കാദമികം | അക്ഷരബുക്ക് – അക്ഷരം ഉറപ്പിക്കുന്നതിന് | ജൂൺ to ജനുവരി | അധ്യാപകർ | – | |

# മലയാളം

കഥകളും പാട്ടുകളും ചിത്രങ്ങളും നിറഞ്ഞ പ്രവർത്തനങ്ങളിലൂടെ കടന്നു പോകുന്ന കുട്ടികൾ ഈ വർഷം അവസാനമാകുമ്പോഴേക്കും എല്ലാ അക്ഷരങ്ങളും പരിചയപ്പെടുകയും അവ ഉപയോഗിച്ച് വായിക്കാനും സ്വതന്ത്രരചനകളിൽ ഏർപ്പെടാനും കഴിവുള്ളവരാകുന്നു.

പാട്ടരങ്ങ് :- ജൂൺ - മാർച്ച്

സംയുക്തഡയറി : ജൂൺ-മാർച്ച്

വായനോത്സവം : ജൂൺ - മാർച്ച്

കലാമേള : ഡിസംബർ - മാർച്ച്

റീഡേഴ്സ് തിയറ്റർ : ജനുവരി - മാർച്ച്

നിർമ്മാണ ശില്പശാല : ആഗസ്റ്റ്

രചനോത്സവം : ജനുവരി - മാർച്ച്

vivo T2x 5G
Jul 21, 2025, 16:57

# ഗണിതം

## ലക്ഷ്യങ്ങൾ

* ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമാക്കുന്നു.
* വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അവ പ്രയോഗിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് നേടുന്നു.
* സംഖ്യാബോധം, സങ്കലനം, വ്യവകലനം സംഖ്യാ വ്യാഖ്യാനം തുടങ്ങിയ പഠനനേട്ടം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

## പ്രവർത്തനങ്ങൾ

* ഗണിതകേളികൾ
* മഞ്ചാടിസഞ്ചി
* ഗണിതപ്പാട്ടുകൾ
* എന്റെ ഗണിത പുസ്തകം

vivo T2x 5G
Jul 21, 2025, 16:57

## ഗണിതകേളികൾ

ക്ലാസ് റൂമിൽ കുട്ടികൾക്കായി രസകരമായ നിരവധി ഗണിതകേളികൾ നടത്തുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. ജൂൺ മാസം മുതൽ മാർച്ച് മാസം വരെ തുടരുന്നു.

## മഞ്ചാടിസഞ്ചി

രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും മഞ്ചാടിസഞ്ചി ഒരുക്കുന്നു. മഞ്ചാടിസഞ്ചിയുടെ ഉപയോഗം പ്രാധാന്യം ഇവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. മഞ്ചാടിസഞ്ചിയിലേക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കാൻ രക്ഷിതാക്കൾക്കും കുട്ടികൾക്കും നിർദ്ദേശം നൽകുന്നു. മഞ്ചാടിസഞ്ചി ജൂൺ മാസം നടപ്പിലാക്കുന്നു. ജൂൺ മുതൽ മാർച്ച് വരെ പ്രവർത്തനങ്ങൾ തുടരുന്നു.

## ഗണിതപ്പാട്ടുകൾ

ഗണിതപഠനം ആസ്വാദ്യകരമാക്കാൻ ഗണിതപ്പാട്ടുകൾ കൈകൊട്ടി ഈണത്തിലും താളത്തിലും ടീച്ചറും കുട്ടിയും ചൊല്ലി അവതരിപ്പിക്കുന്നു.

vivo T2x 5G
Jul 21, 2025, 16:57

# പരിസരപഠനം

പരിസരപഠനത്തിന്റെ ഭാഗമായി കുട്ടികൾ തന്റെ ചുറ്റുപാടിനെ അറിയുന്നതിന സഹായകമായ വിധത്തിലാണ് തീമുകൾ നിശ്ചയിച്ചിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

* കുട്ടികളിൽ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക.
* തന്റെ പരിസരവുമായി ഇഴുകിച്ചേർന്നു പഠിക്കുന്നതിന്
* കുട്ടികൾ ശാസ്ത്രീയവശങ്ങൾ മനസിലാക്കി നിരീക്ഷണങ്ങളിലൂടെ പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി സ്വന്തമായി നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
* ശാസ്ത്രാവബോധം വളർത്തിയെടുക്കുന്നതിന്

പ്രകൃതിനടത്തം, ആൽബം നിർമ്മാണം. പരിസ്ഥിതി ഗാനങ്ങൾ ആലപിക്കൽ അടുക്കളത്തോട്ടം, പൂന്തോട്ടം എന്നിവയുടെ നിർമ്മാണം, ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു.

vivo T2x 5G
Jul 21, 2025, 16:57

# English

## objectives

* All learners get interested in english learning.
* All engage in games and group level activities.
* Listen to narratives & teacher talks and show signs of understanding verbally & non verbally.
* get familiarised with words denoting familiar vehicles, animals and birds.
* get familiarised with words denoting colours and numbers (1-10)
* get familiarised with words denoting possession (has/have)
* comprehend the instructions of the teacher and respond accordingly.
* get familiarised with phatic communication expressions such as Hello, I'm sorry, Thank you, Bye etc
* get familiarised with the rhythm and

vivo T2x 5G
Jul 21, 2025, 16:58

pattern of songs.

* add own lines to a given song by substituting words / phrases.
* describe familiar objects orally stating physical attributes such as size, colour etc
* read conversations, songs & simple descriptions graphically.
* construct dialogues related to specific contents using fragmentary expressions or mixed with the mother tongue.

## Activities

* Engaging learners in English learning by using puppets to tell stories and making the session interactive by having students ask and answer questions.
* Engaging learners in activities by playing games like

vivo T2x 5G
Jul 21, 2025, 16:58

* Helping learners listen and understand by reading short stories or playing audio clips then asking simple questions about the content to check understanding.

* Ensuring learners comprehend instructions by giving instructions involving physical actions like "Touch your nose," "Jump three times," or "Raise your hand if you have a green shirt."

* Familiarizing learners with vocabulary (vehicles, animals, birds) by showing pictures and having students match them with the correct english words.

* Helping learners associate text with textbooks by providing text and images from their textbooks and asking them to match them correctly.

* Teaching possessive words (has/have) by having students bring an item from

vivo T2x 5G
Jul 21, 2025, 16:58

home and describe it using "has" or "have" eg: "My toy car has four wheels".

* Familiarizing learners with phatic communication by setting up role-playing scenarios where students greet each other, apologize, say thank you and bid farewell using phrases like "Hello", "I am sorry", "Thank you", and "Bye".

* Helping learners describe familiar objects by having students draw an object and describe it using words for size and colour eg: "My ball is big and red"

* Familiarizing learners with colours and numbers by using colouring pages where each number corresponds to a specific colour and incorporating counting songs and rhymes, like "Ten Little Monkeys."

* Familiarizing learners with the rhythm and patterns of songs by using clapping patterns to help students

vivo T2x 5G
Jul 21, 2025, 16:58

follow along with simple songs and rhymes.

* Helping learners add lines to songs by taking a familiar song and encouraging students to replace words or phrases with their own ideas.

* Helping learners read conversations songs and descriptions by using picture books with simple sentences to encourage reading and asking students to point out and read familiar words.

* Helping learners construct dialogues by providing scenarios and having students construct dialogues using simple sentences and expressions, mixing with their mother tongue if necessary for understanding.

vivo T2x 5G
Jul 21, 2025, 16:58

## ആമുഖം.

കുട്ടികളുടെ വായനയെ മെച്ചപ്പെടുത്തുന്നതിന് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം നടപ്പിലാക്കിയ പദ്ധതിയാണ് റീഡേഴ്സ് തിയറ്റർ. ഓരോ യൂണിറ്റും കഴിയുന്നതോടെ കുട്ടികൾ ആ പാഠഭാഗത്തിന്റെ സത്ത മനസ്സിലാക്കാതെ ആശയങ്ങൾ ക്രമമായി ഓർക്കുന്നതിനും ശേഖരിക്കുന്നതിനും ഈ പ്രവർത്തനം സഹായിക്കുന്നു. കുട്ടികളുടെ ഭാവന ആവിഷ്കാരം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.

ACADEMIC MASTER

## ലക്ഷ്യം.

ഭാഷയെ ഹൃദ്യവും സർഗ്ഗാത്മകവും ആസ്വാദ്യകരവുമാക്കുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|
| മഴയോ മഴ.<br>കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വ്യത്യസ്ത ഈണത്തോടെയും താളത്തിലൂടെയും കവിതാ പാരായണം നടത്തുന്നു. മഴയെക്കുറിച്ചുള്ള അനുഭവങ്ങളും ജലസ്രോതസ്സുകളുടെ പ്രാധാന്യത്തെയും അവയുടെ ദുരവസ്ഥയെ കുറിച്ചും കുട്ടികളിൽ [illegible] ഉണ്ടാക്കുന്നു. | ജൂൺ | വീഡിയോ ചിത്രങ്ങൾ | കുട്ടികൾ അധ്യാപകർ രക്ഷിതാക്കൾ. |

vivo T2x 5G
Jul 21, 2025, 17:00

| | | | |
|---|---|---|---|
| നന്നായ് ഉണ്ണാൻ.<br>കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് ചിത്രകഥയെ കഥയാക്കി പറയിപ്പിക്കുകയും കഥയെ നാടകമാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു. മുഖം മൂടി നിർമ്മിക്കുന്നു. കൃഷി വിളകളെക്കുറിച്ചും കൃഷിക്ക് ആവശ്യമായ ഉപകരണങ്ങളെ കുറിച്ചും അറിവ് നൽകുന്നു. | ജൂലൈ | വീഡിയോ ചിത്രീകരണം | അധ്യാപകർ<br>SMC. |
| എന്താണമ്മേ സ്വാതന്ത്ര്യം.<br>സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട ആശയങ്ങളെക്കുറിച്ചും വ്യത്യസ്ത കവിതാപാരായണവും ക്ലാസിൽ ഗ്രൂപ്പ് തിരിച്ച് അവതരിപ്പിക്കുന്നു. ചാച്ചാജിയുടെ തൊപ്പി നിർമ്മാണവും ദേശീയപതാകയുടെ നിർമ്മാണവും അവയുടെ നിറം അർത്ഥങ്ങളും മറ്റും ഗ്രൂപ്പ് തിരിഞ്ഞ് കുട്ടികൾ ചെയ്യുന്നു. | ആഗസ്റ്റ്. | വീഡിയോ ചിത്രീകരണം | കുട്ടികൾ<br>അധ്യാപകർ<br>SMC. |
| പൂരം പൊടിപൂരം.<br>ഉത്സവാനുഭവങ്ങളെക്കുറിച്ചും അവയുടെ പ്രത്യേകതകളെ കുറിച്ചും കുട്ടികളിൽ ധാരണ ഉളവാക്കുന്നു. ഉത്സവ വാദ്യങ്ങളെ കുറിച്ചും ആനയെക്കുറിച്ചും കുട്ടികൾക്ക് അവബോധം | സെപ്തംബർ | വീഡിയോ ചിത്രീകരണം | അധ്യാപകർ<br>SRG<br>SMC |

vivo T2x 5G
Jul 21, 2025, 17:00

| | | | |
|---|---|---|---|
| ഉണ്ടാകുന്നു. സ്വതന്ത്രാവിഷ്ക്കാരം കുട്ടികളിൽ ഉളവാകുന്നു. | | | |
| രുചിമേളം. ആരോഗ്യമുള്ള ശരീരത്തിന് പോഷകം നിറഞ്ഞ ഭക്ഷണം അനിവാര്യമാണെന്ന് കുട്ടികളെ മനസ്സിലാക്കി നൽകുന്നു. വ്യത്യസ്തതരം ഭക്ഷണങ്ങൾ നല്ല ആരോഗ്യത്തിന് കാരണമാകുന്നുവെന്ന് കുട്ടി മനസ്സിലാക്കുന്നു. | ഒക്ടോബർ | വീഡിയോ ചിത്രങ്ങൾ | കുട്ടികൾ SMC. |
| പാർക്കും വീട്. വ്യത്യസ്ത തരം വീടുകളെക്കുറിച്ചും അവയുടെ നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികളെക്കുറിച്ചും വീട് നിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലുകളെക്കുറിച്ചും കുട്ടികൾ അന്വേഷിച്ച് കണ്ടെത്തുന്നു. | നവംബർ | വീഡിയോ ചിത്രങ്ങൾ | കുട്ടികൾ SMC SRG. |

vivo T2x 5G
Jul 21, 2025, 17:00

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

ക്ലാസ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ. | ഒരു ദിവസം ഒരു ചോദ്യം. (സൂത്രവാക്യങ്ങളും, ഗണിത ആശയങ്ങളും പരിചയപ്പെടുത്തൽ )<br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ.) | ആഴ്ചയിൽ ഒന്ന് വീതം. | SRG ടീച്ചർ | SSA. |

vivo T2x 5G
Jul 21, 2025, 17:01

മേഖല : അക്കാദമികം
ഉപ മേഖല : ഇംഗ്ലീഷ്
ക്ലാസ് : II.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ. | Let's talk.... പ്രതിഭാധനരുമായി സംവാദിക്കൽ<br>English corner<br>English Assembly<br>One day English. | ആഴ്ചയിൽ ഒന്ന്. | SRG<br>SMC<br>Class Teacher | SSA |

vivo T2x 5G
Jul 21, 2025, 17:01

മേഖല - അക്കാദമികം

ഉപമേഖല - പരിസര പഠനം

ക്ലാസ് - II.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ<br>പോസ്റ്റർ രചന | ജൂൺ<br>ജൂലൈ | ക്ലാസ് ടീച്ചർ SRG<br>SMC | SMC |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാണാകാഴ്ച-കളും | ആഗസ്റ്റ് | ടീച്ചർ. | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

## ജി.ജെ.ബി.എസ്. മതിക്കുന്ന്. ക്ലാസ് 3

## മലയാളം.

### ലക്ഷ്യങ്ങൾ.

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി കുട്ടികൾ എല്ലാവരും

- കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല്...) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

### മുന്നൊരുക്കങ്ങൾ

#### ജൂൺ - ജൂലായ്

1. കനകച്ചിലങ്ക

- നാടൻപാട്ടുകൾ ശേഖരണം
- പഴഞ്ചൊല്ലുകൾ ശേഖരണം.
- ക്ലാസ് ലൈബ്രറി നവീകരണം.
- കവിത ചൊല്ലൽ ശില്പശാല
- കടങ്കഥകൾ ശേഖരണം - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

#### ആഗസ്റ്റ് - സെപ്തംബർ

2. പലഹാരപ്പൊതി.

- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.

vivo T2x 5G
Jul 21, 2025, 17:01

- പലഹാരമേള – പാചകക്കുറിപ്പ് തയ്യാറാക്കൽ
- ഹരിതകർമ്മസേന അംഗങ്ങളുമായി അഭിമുഖം
- വിമലവിദ്യാലയം ശുചിത്വപരിപാടി തയ്യാറാക്കൽ
- നാടൻപാട്ടുകളുടെ അവതരണം.

ഒക്ടോബർ

3. മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം.
- കൃഷിപ്പാട്ടുകൾ, കൃഷിചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ – കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്

നവംബർ, ഡിസംബർ

4 അപ്പൂപ്പൻ താടി.

- കവിതകൾക്ക് സ്വയം വരികൾ കൂട്ടിച്ചേർക്കൽ
- ഭാവാത്മകവായന.
- യാത്രാനുഭവക്കുറിപ്പ്

ജനുവരി, ഫെബ്രുവരി.

5 നമ്മളൊന്ന്

- പോസ്റ്റർ നിർമ്മാണം
- കത്ത് തയ്യാറാക്കൽ
- മാജിക് ഷോ – പ്രകൃതിയിലെ അത്ഭുതങ്ങൾ
- കഥാവായന, കവിത ചൊല്ലൽ

ജൂൺ - മാർച്ച്

വായന, ലേഖനം

[illegible] തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും [illegible]

vivo T2x 5G
Jul 21, 2025, 17:02

# അക്കാദമിക് മാസ്റ്റർപ്ലാൻ - ക്ലാസ് 3

## ഗണിതം.

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളിലൂടെയും സർഗാത്മകപ്രവർത്തനങ്ങളിലൂടെയും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്.

### ജൂൺ - ജൂലായ്

യൂണിറ്റ് 1 - രൂപങ്ങൾ വരയ്ക്കാം.

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- ചതുരം, വട്ടം, ത്രികോണം എന്നി രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ, തോരണം നിർമ്മാണം, തോണി നിർമ്മാണം,
- വെള്ളിതമ്പിൽ പ്രിന്റിംഗ്, ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

### ജൂലായ് - ആഗസ്റ്റ്

- ഓരോ കുട്ടിക്കും കണക്കുപെട്ടി
- 1 മുതൽ 100 വരെ എഴുതിയ ടോക്കൺ
- കളിനോട്ടുകൾ - ഓരോ നോട്ടുകളും 10 എണ്ണം വീതം.
- കമ്പ് കെട്ടുകൾ
- സംഖ്യാ സ്ട്രിപ്പുകൾ
- [illegible] നിർമ്മാണം.

vivo T2x 5G
Jul 21, 2025, 17:02

## ആഗസ്റ്റ്, സെപ്റ്റംബർ

- പ്രായോഗികപ്രശ്നങ്ങളുടെ നിർധാരണം
- സംഖ്യാബോധം ഉറപ്പിക്കൽ

## ഒക്ടോബർ.

- സ്കെയിൽ നിർമ്മാണം
- കുട്ടികളുടെ ഉയരം, തൂക്കം, വണ്ണം കണ്ടെത്തൽ

## നവംബർ, ഡിസംബർ

ഗുണനവസ്തുത കാർഡ് നിർമ്മാണം, ഗുണനവസ്തുതകൾ ഉ

## ജനുവരി മുതൽ മാർച്ച് വരെ

- സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കു
- ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ - നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

# Academic Masterplan - English, Std 3

## June - July.

- To study alphabets

Activities

Pre-Test, write simple words.

## August - September

- To study, write and read simple words

Activities

Circle the word from TB and read

## Academic Year

- Create more opportunities for English speaking in the class room

Activities.

Class room communication should be in English

English theatre - Skit, Drama, Conversation, Story telling, assembli, reader's theature...

vivo T2x 5G
Jul 21, 2025, 17:02

# അക്കാദമിക് മാസ്റ്റർപ്ലാൻ - ക്ലാസ് 3

## പരിസരപഠനം.

### ജൂൺ - ജൂലൈ

- നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം.

പ്രവർത്തനം
സസ്യങ്ങളെ തരം തിരിക്കൽ
പ്രകൃതി നടത്തം - പാടം, ജൈവവൈവിധ്യ ഉദ്യാനം

### ആഗസ്റ്റ് - സെപ്റ്റംബർ

- പ്രകൃതിസംരക്ഷണം

പ്രവർത്തനം.
മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾ തയ്യാറാക്കുക, സ്ഥാപിക്കുക.
വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറൽ

### സെപ്റ്റംബർ - ഒക്ടോബർ

- വ്യക്തിശുചിത്വം

പ്രവർത്തനം

- കൈ കഴുകൽ പരിശീലനം

ശുചിത്വസന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ

vivo T2x 5G
Jul 21, 2025, 17:02

## ഡിസംബർ - ഫെബ്രുവരി

- ശാസ്ത്രാവബോധം വളർത്തുക, ശാസ്ത്രപരീക്ഷണ താല്പര്യം ജനിപ്പിക്കൽ പ്രവർത്തനം.

ലഘുപരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും വസ്തുതകൾ മനസ്സിലാക്കൽ, കുറിപ്പ് തയ്യാറാക്കൽ.

vivo T2x 5G
Jul 21, 2025, 17:03

# അക്കാദമിക മാസ്റ്റർ പ്ലാൻ

## STD IV

**ലക്ഷ്യം** : നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസരപഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

**പ്രവർത്തനരീതി**

⇒ കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം
⇒ സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം
⇒ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
⇒ കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കൽ
⇒ സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.

### മധുരം മലയാളം (ഭാഷാപഠനം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>• ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ | <u>വായിക്കാം വളരാം</u><br>⇒ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>⇒ പുസ്തക പരിചയം<br>⇒ റീഡേഴ്സ് തിയറ്റർ<br>⇒ എഴുത്തുകാരുമായി സംവദിക്കൽ<br>⇒ അറിവ് ICT സഹായത്തോടെ<br>⇒ പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം<br>⇒ സാഹിത്യകാരൻമാരുടെ ഓർമദിനം ആചരിക്കൽ<br>⇒ പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ അറിയൽ (ICT)<br>⇒ പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ<br>SRG<br>PTA/ SMC | അധ്യാപകർ<br>PTA<br>MPTA<br>SMC |

vivo T2x 5G
Jul 21, 2025, 17:03

| | | | | |
|---|---|---|---|---|
| | ⇒ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ.<br>ലേഖനശേഷി വളർത്തൽ<br>⇒ രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ<br>⇒ ആസ്വാദനക്കുറിപ്പ്<br>⇒ വായനക്കുറിപ്പ് തയ്യാറാക്കൽ<br>⇒ ജീവിതരേഖ തയ്യാറാക്കൽ<br>⇒ പതിപ്പ് തയ്യാറാക്കൽ<br>⇒ കലകൾ കുറിപ്പ്<br>⇒ എന്റെ അക്ഷരപുസ്തകം. | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | |
| അവതരണം. | ⇒ സർഗോത്സവം<br>⇒ പ്രദർശനം<br>⇒ ശേഖരണം.<br>⇒ ഉണ്ണിക്കവിതകൾ (തനതുപ്രവർത്തനം) | മാർച്ച് | PTA/ SMC | |

## I CAN (ഇംഗ്ലീഷ് ഭാഷാപഠനം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Ability to read, write, and speak English effectively | ⇒ English Assembly<br>⇒ Teacher talk<br>⇒ picture description<br>⇒ Thoughts<br>⇒ Diary<br>⇒ Skit<br>⇒ Conversation<br>⇒ Story telling<br>⇒ four line copy.<br>⇒ English corner<br>⇒ Talking about a fourite thing.<br>⇒ Spoken English.<br>⇒ English Magazine | June to March | Class-teacher, PTA, MPTA, SMC, SRG | അധ്യാപകർ PTA MPTA SMC |

vivo T2x 5G
Jul 21, 2025, 17:03

## കണക്കുപെട്ടി (ഗണിതപാഠം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഗണിത പാഠം രസകരമാക്കൽ | ⇒ ചതുഷ്ക്രിയകൾ ലളിതമാക്കുന്ന പ്രവർത്തനങ്ങൾ (സംഖ്യാകാർഡുകളിലൂടെ) | ജൂൺ to മാർച്ച് | അധ്യാപിക<br>SRG<br>PTA<br>SMC | അധ്യാപകർ<br>PTA<br>MPTA<br>SMC |
| • ഗണിത ആശയങ്ങൾ മനസ്സിലാക്കൽ | ⇒ സ്ഥാനവില തിരിച്ചറിയൽ (സ്ഥാനവില പോക്കറ്റ്, അബാക്കസ്)<br>⇒ ഗണിതരൂപങ്ങൾ വരച്ച് നിറം നൽകൽ. | | | |
| • ഗണിത പഠനോപകരണങ്ങളുടെ നിർമാണം. | ⇒ ഗണനചിന്ത ഉണർത്തുന്ന പ്രവർത്തനങ്ങൾ (അക്കത്തുക പ്രവർത്തനം)<br>⇒ ഒറിഗാമി ചിത്രങ്ങൾ | | | |
| • ഗണിത ലാബ് ഒരുക്കൽ | ⇒ ടാൻഗ്രാം - 7 കഷ്ണങ്ങൾ വച്ച് രൂപങ്ങൾ ഉണ്ടാക്കൽ | ജൂൺ to മാർച്ച് | | |
| • ഗണിത ശേഷികളുടെ വികാസം | ⇒ സംഖ്യാ പാറ്റേൺ കണ്ടെത്തൽ<br>⇒ ഇരുവഴിസംഖ്യകൾ (പാലിൻഡ്രോം സംഖ്യകൾ)<br>eg: 121<br>1221<br>12321<br>⇒ ഗണിതപാഠം രസകരമാക്കുന്ന ഗണിതോപകരണങ്ങൾ ഉൾപ്പെടുത്തി കണക്കുപെട്ടി തയ്യാറാക്കൽ.<br>⇒ നമ്പർ ചാർട്ട് തയ്യാറാക്കൽ<br>⇒ പഠനോപകരണങ്ങളുടെ പ്രദർശനം.<br>⇒ ഗണിതലാബ്, ഗണിതമൂല ഒരുക്കൽ | | | |

vivo T2x 5G
Jul 21, 2025, 17:03

# ശാസ്ത്രം എന്നിലൂടെ..... (പരിസരപഠനം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നിരീക്ഷണം, അറിവ് നിർമ്മാണം<br>• ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ<br>• അന്വേഷണ ത്വര വളർത്തൽ<br>• ഭൂപട വായന, രചന<br>• ICT ഉപയോഗിച്ച് ശാസ്ത്രപഠനം രസകരമാക്കൽ<br>• ശാസ്ത്രോത്സവം സംഘടിപ്പിക്കൽ<br>• പതിപ്പ് തയ്യാറാക്കൽ<br>• അറിവുകളുടെ ഉപയോഗ/ രചന. | ⇒ പ്രകൃതി നടത്തം<br>⇒ സ്കൂൾ ടൂർ (സ്കൂൾ നിരീക്ഷണം)<br>⇒ ശാസ്ത്ര സാമഗ്രികൾ ഉപയോഗിച്ച് ശാസ്ത്രമൂല, ശാസ്ത്രലാബ് എന്നിവ ഒരുക്കൽ.<br>⇒ ശാസ്ത്രയാത്ര (വനനിരീക്ഷണം നടത്തൽ)<br>⇒ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.<br>⇒ ശാസ്ത്രപ്രദർശനം സംഘടിപ്പിക്കൽ<br>⇒ ശാസ്ത്രക്വിസ് സംഘടിപ്പിക്കൽ<br>⇒ ഭൂപടമൊരുക്കൽ<br>⇒ ശാസ്ത്രോത്സവം സംഘടിപ്പിക്കൽ<br>⇒ ICT ഉപയോഗിച്ച് ശാസ്ത്ര വീഡിയോകളുടെ പ്രദർശനം | June to March | SRG<br>MPTA<br>PTA<br>SMC | അധ്യാപകർ<br>PTA<br>MPTA<br>SMC |

vivo T2x 5G
Jul 21, 2025, 17:03